Business Deepika

# കനറ എച്ച്എസ്ബിസി ഒബിസി ലൈഫ് ഇൻഷുറൻസിന് 82% വളർച്ച

പ്രമുഖ പൊതുമേഖല ബാങ്കുകളായ കനറ ബാങ്ക്, ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് എന്നിവയും എച്ച്എസ്ബിസി ഇൻഷുറൻസ് (ഏഷ്യ പസഫിക്)ഹോൾഡിംഗ്സ് ലിമിറ്റഡുമായി ചേർന്നു രൂപീകരിച്ച കനറ എച്ച്എസ്ബിസി ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് ലൈഫ് ഇൻഷുറൻസ് കമ്പനി 2010-11 സാമ്പത്തിക വർഷം 82% വളർച്ച കൈവരിച്ചു. 1,11,000 പോളിസികളാണ് കമ്പനി ഈ കാലയളവിൽ നൽകിയത്.

1532 കോടി രൂപയാണ് 2010-11 സാമ്പത്തികവർഷത്തിൽ കനറ എച്ച്എസ്ബിസി ഒബിസി ലൈഫ് ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ സമാഹരിച്ചത്. കഴിഞ്ഞ മാർച്ചിൽ മാത്രം 265 കോടി രൂപ. പുതിയ ബിസിനസിൽ വളർച്ച രേഖപ്പെടുത്തിയ ചുരുക്കം സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നാണ് കനറ എച്ച്എസ്ബിസി ഒബിസി ലൈഫ് ഇൻഷുറൻസ്. വിതരണത്തിനായി സ്വീകരിച്ച ബാങ്കഷുറൻസ് മോഡലിന്റെ വിജയവും ഉപഭോക്താക്കളുടെ വിശ്വാസം നേടാൻ സാധിച്ചതുമാണ് കമ്പനിക്ക് വളർച്ചനേടാൻ കാരണമായതെന്ന് കനറ എച്ച്എസ്ബിസി ഒബിസി ലൈഫ് ഇൻഷുറൻസ് കമ്പനി സിഇഒ ജോൺ ഹോൾഡൻ പറഞ്ഞു. ഈ സാമ്പത്തിക വർഷം പ്രോഡക്ട് പോർട്ട്ഫോളിയോ വിപുലീകരിക്കുന്നതിന് കമ്പനി ശ്രദ്ധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.